# തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

പ്രസിദ്ധീകരണത്തിന്, 27.07.2025

## <u>തിരുവനന്തപുരം നഗരസഭ – ഫയൽ അദാലത്ത് നാളെ (28.07.2025)</u>

തിരുവനന്തപുരം നഗരസഭയിൽ വിവിധ കാരണങ്ങളാൽ തീരുമാനമാകാത്ത ഫയലുകളിന്മേൽ ഉചിതവും നിയമപരവുമായ തീരുമാനം എടുക്കുന്നതിനായി മുഴുവൻ സോണൽ ഓഫീസുകളും മെയിൻ ഓഫീസും ഉൾപ്പെടുത്തി സംഘടിപ്പിക്കുന്ന 'നഗരസഭ ജനങ്ങളിലേക്ക് 2.0' ഫയൽ അദാലത്തിന് നാളെ (28.07.2025) തിങ്കളാഴ്ച തുടക്കമിടുന്നു. നാളെ രാവിലെ 10 മണിക്ക് ഉള്ളൂർ സോണൽ ഓഫീസിൽ ആണ് ഉദ്ഘാടനം. ഉച്ചക്ക് 2 മണി മുതൽ ശ്രീകാര്യം സോണൽ ഓഫീസിൽ അദാലത്ത് നടക്കും. ബഹു. മേയർ ആര്യ രാജേന്ദ്രൻ അദാലത്തിന് നേതൃത്വം നൽകും. ഡെപ്യൂട്ടി മേയർ P.K.രാജു, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻമാർ, നഗരസഭ സെക്രട്ടറി, സൂപ്രണ്ടിംഗ് എഞ്ചിനീയർ, മറ്റ് വകുപ്പ് തലവന്മാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ സന്നിഹിതരായിരിക്കും.. എഞ്ചിനീയറിംഗ്, റവന്യൂ, ഹെൽത്ത്, ലൈഫ്/പി. എം. എ. വൈ തുടങ്ങി എല്ലാ മേഖലകളെയും ഉൾപെടുത്തിയാണ് അദാലത്ത് സംഘടിപ്പിക്കുന്നത്. നിയമപരമായ സാധ്യമായ എല്ലാ നടപടികളും കൈക്കൊണ്ട് പരമാവധി ഫയലുകളിൽ തീർപ്പ് ഉണ്ടാക്കാൻ ശ്രമിക്കുമെന്നും അപേക്ഷിച്ചിരുന്നവർ അതാത് സ്ഥലങ്ങളിൽ കൃത്യസമയത്ത് തന്നെ എത്തി ഈ ഉദ്യമത്തോട് സഹകരിക്കണമെന്നും മേയർ അഭിപ്രായപ്പെട്ടു.

### <u>അദാലത്ത് തീയതി</u>

| ക്രമ നം. | തീയതി | സോണൽ | സമയം |
|---|---|---|---|
| 1. | 28.07.2025 | ഉള്ളൂർ | 10.00 AM |
| 2. | 28.07.2025 | ശ്രീകാര്യം | 02.00 PM |
| 3. | 29.07.2025 | നേമം | 10.00 AM |
| 4. | 29.07.2025 | വിഴിഞ്ഞം | 02.00 PM |
| 5. | 30.07.2025 | കടകംപള്ളി | 10.00 AM |
| 6. | 30.07.2025 | കഴക്കൂട്ടം | 11.30 AM |
| 7. | 30.07.2025 | ആറ്റിപ്ര | 03.00 PM |
| 8. | 31.07.2025 | തിരുവല്ലം | 10.00 AM |
| 9. | 31.07.2025 | ഫോർട്ട് | 11.30 AM |
| 10. | 01.08.2025 | കുടപ്പനക്കുന്ന് | 10.30 AM |
| 11. | 01.08.2025 | വട്ടിയൂർക്കാവ് | 02.00 PM |
| 12. | 02.08.2025 | മെയിൻ ഓഫീസ് | 10.00 AM |
| 13. | 04.08.2025 | മെയിൻ ഓഫീസ് | 10.00 AM |

Sd/-
പി എ ടു മേയർ